(ഡി) ബഡ്ജറ്റിൽ അനുവദിച്ചതിന് വിധേയമായി താഴെപ്പറയുന്ന വിധം ചെലവഴിച്ചിട്ടുണ്ട്:

	2001-2002	2002-2003	2003-2004
1. ശമ്പളം	31,22,055 രൂപ	40,57,533 രൂപ	47,71,680 രൂപ
2. മറ്റുള്ളവ	56,82,295 ,,	64,78,117 ,,	76,09,041 ,,

(ഇ) എല്ലാ വർഷവും നടത്താറുണ്ട്.

(എഫ്) 1. 2001-2002---79,65,305 രൂപ
2. 2002-2003---86,43,845 ,,
3. 2003-2004---89,04,831 ,,

(ജി) പണം ചെലവഴിക്കുന്നതിനുള്ള അധികാരം കമ്മീഷണർക്കാണ്. ഇക്കാര്യത്തിൽ പേഴ്സണൽ അസിസ്റ്റന്റും, ഫിനാൻഷ്യൽ അസിസ്റ്റന്റും അദ്ദേഹത്തെ സഹായിക്കുന്നു.

(എച്ച്) ഉദ്യോഗസ്ഥരുടെ പേരു വിവരം താഴെ കൊടുക്കുന്നു:

1. ശ്രീ. ഡി. രാധാകൃഷ്ണൻ നായർ, പേഴ്സണൽ അസിസ്റ്റന്റ്.
2. ,, എൻ. രമേഷ് ചന്ദ്രൻ, സീനിയർ സൂപ്രണ്ട്.
3. ,, തോമസ് ഡേവിഡ്, ജൂനിയർ സൂപ്രണ്ട്.
4. ,, ജി. ശിവരാമൻ നായർ, എൽ.ഡി.സി. (ഹയർ ഗ്രേഡ്)
5. ,, കെ. ജയകുമാരൻ നായർ, ,,
6. ശ്രീമതി ജി. പത്മാവതി അമ്മ, (കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്)
7. ശ്രീ. ആർ. ജയചന്ദ്രൻ, (യു.ഡി. ടൈപ്പിസ്റ്റ്)
8. ,, എം. മധുസൂദനൻ നായർ, (പ്യൂൺ)

ബി. എഡ്. കോളേജുകൾക്ക് എൻ.ഒ.സി. നൽകുന്നതിന് മാനദണ്ഡം

147 [1557] ശ്രീ. പിരപ്പൻകോട് മുരളി:
,, കെ. വി. കുഞ്ഞിരാമൻ:
,, വി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബി.എഡ്. കോളേജുകൾക്ക് എൻ.ഒ.സി. നൽകുന്നതിന് തയ്യാറാക്കിയ രണ്ട് സ്കോർലിസ്റ്റിൽ ഒരേ കോളേജുകൾക്ക് തന്നെ വ്യത്യസ്ത മാർക്ക് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓരോ കോളേജിനും മാർക്ക് നൽകുന്നതിന്റെ മാനദണ്ഡം എന്തായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ പ്രാവശ്യമുള്ള പരിശോധനയ്ക്കും മാർക്ക് നൽകുന്ന മാനദണ്ഡത്തിൽ എന്തെങ്കിലും വ്യത്യാസം വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇപ്പോൾ എൻ. ഒ. സി. നൽകാൻ തെരഞ്ഞെടുത്ത ബി. എഡ്. കോളേജുകൾ എൻ.സി.റ്റി.ഇ.-യുടെ നിബന്ധനകൾ പാലിച്ചവയാണോ;

(ഇ) ഇപ്പോൾ ഇതു സംബന്ധിച്ച് കോടതിയിൽ എന്തെങ്കിലും കേസ് നിലവിലുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാർക്ക് നൽകുന്നതിനുള്ള മാനദണ്ഡം താഴെ ചേർക്കുന്നു:

1. സ്വന്തമായ സ്ഥിരം കെട്ടിടമുള്ളവർക്ക്—50 മാർക്ക്

2. സ്കൂൾ സ്ഥിരം കെട്ടിടത്തിൽ പ്രത്യേക ഹ്രോറുകൾ/ഹ്രോറുകൾ മാറ്റിവച്ച വർക്ക്—25 മാർക്ക്

3. സെമിപെർമനന്റ്/താൽക്കാലിക കെട്ടിടം ഉള്ളവർക്ക്—10 മാർക്ക്

4. സ്കൂൾ സ്ഥിരം കെട്ടിടത്തിൽ ക്ലാസ് മുറികൾ മാത്രം മാറ്റിവച്ച വർക്ക്—5 മാർക്ക്

5. വാടക കെട്ടിടം തയ്യാറാക്കിയവർക്ക്—5 മാർക്ക്

6. ലാബ്/ലൈബ്രറിക്ക്—5 മാർക്ക് വീതം

7. കോളേജിനോട് ചേർന്ന് മോഡൽ സ്കൂൾ ആയി എച്ച്.എസ്.എസ്. ഉള്ളവർക്ക്—30 മാർക്ക്

8. കോളേജിനോട് ചേർന്ന് മോഡൽ സ്കൂൾ ആയി എച്ച്.എസ്./ സി.ബി.എസ്.സി./എച്ച്.എസ്.എസ്. ഉള്ളവർക്ക്—25 മാർക്ക് വീതം

9. മോഡൽ സ്കൂൾ 1 കിലോമീറ്ററിനുള്ളിൽ ഉള്ളവർക്ക്—15 മാർക്ക്

10. മോഡൽ സ്കൂൾ 3 കിലോമീറ്ററിനുള്ളിൽ ഉള്ളവർക്ക്—5 മാർക്ക്

11. മോഡൽ സ്കൂൾ 3 കിലോമീറ്ററിനു മുകളിൽ ഉള്ളവർക്ക്—മാർക്കില്ല.

12. സ്വന്തമായി 4.25 ഏക്കറോ അതിൽ കൂടുതലോ ഭൂമി ഉള്ളവർക്ക്—10 മാർക്ക്.

13. അതിനു താഴെ ഭൂമി ഉള്ളവർക്ക്—5 മാർക്ക്

ഇതുകൂടാതെ കെട്ടിടത്തെ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശത്തിൽ പൂർണ്ണമായി ഉൾക്കൊള്ളാത്തതും എന്നാൽ താരതമ്യേന കൂടുതൽ തുക ചെലവാക്കി നിർമ്മിച്ച കെട്ടിടങ്ങൾക്ക് സമാനമായ സൗകര്യമുള്ള കെട്ടിടങ്ങളുമായി താരതമ്യപ്പെടുത്തി അനുയോജ്യമായ മാർക്കു കൊടുക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly